Draft #5 of File 65208/AD A1-1/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 17-Feb-2021 04:45 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം : ജീവനകാര്യം :- സർവകലാശാലയിലെ ജീവനക്കാരുടെ KSEB, KSFE, TRIDA തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യസേവനകാലമായി പരിഗണിക്കൽ - സിൻഡിക്കേറ്റ് തീരുമാനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1061/AD A1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.02.2021

---

*പരാമർശം:*-1. 30.01.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം.ഒ.എ. 14/21.01

2 .KSAD ജോയിന്റ് ഡയറക്ടറുടെ 20.10.2020 തീയതിയിലെ കെ.എസ്.എ.എം.ജി.യു.എ5/463/2020 നമ്പർ കത്ത്

3.KSAD ജോയിന്റ് ഡയറക്ടറുടെ 14.10.2020 തീയതിയിലെ കെ.എസ്.എ.എം.ജി.യു.എ-2/380/2020 നമ്പർ കത്ത്

4 .KSAD ജോയിന്റ് ഡയറക്ടറുടെ 16.10.2020 തീയതിയിലെ കെഎസ്.എ.എം.ജി.യു.എ-6/394/2020 നമ്പർ കത്ത്

5.KSAD ജോയിന്റ് ഡയറക്ടറുടെ 18.11.2020 തീയതിയിലെ കെ.എസ്.എ.എം.ജി.യു.എ-2/486/2020 നമ്പർ കത്ത്

6.ഈ ഓഫീസിലെ 22.12.2020 തീയതിയിലെ 65208/ADA1-1/2020/എഡി എ1 നമ്പർ കത്ത്

7.KSAD ജോയിന്റ് ഡയറക്ടറുടെ 05.01.2021 തീയതിയിലെ കെ.എസ്.എ.എം.ജി.യു.2/592/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കെ.എസ്.ഇ.ബി, കെ.എസ്.എഫ്.ഇ തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളിലെ മുൻകാല സർവ്വീസ് പെൻഷനുള്ള ക്വാളിഫൈയിങ് സർവ്വീസ് ആയി സർവ്വകലാശാലയിൽ പരിഗണിച്ചു വരുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും, സർവ്വീസിൽ നിന്ന് വിരമിച്ച/വിരമിക്കാൻ പോകുന്ന ഏതാനും ജീവനക്കാരുടെ, KSEB, KSFE, TRIDA തുടങ്ങിയ വകുപ്പുകളിലെ മുൻകാലസേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുവാൻ കഴിയുന്നതല്ലെന്നും, സൂചന (2) മുതൽ (5) വരെയുള്ള കത്തുകൾ മുഖേന, KSAD ജോയിൻറ് ഡയറക്ടർ അറിയിച്ചിരുന്നു.

KSEB, KSFE, TRIDA തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിങ് സർവ്വീസ് ആയി പരിഗണിച്ചുകൊണ്ടുള്ള ഉത്തരവുകൾ പല കാലഘട്ടങ്ങളിലായി സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിവിധ സർക്കാർ ഉത്തരവുകൾ, കെ.എസ്.ആർ പാർട്ട് III, റൂൾ 20-ലെ വ്യവസ്ഥകൾ എന്നിവ ആധാരമാക്കി, പല കാലഘട്ടങ്ങളിലായി സർവ്വകലാശാല കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് KSEB, KSFE, TRIDA തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻകാല സേവനം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി സർവ്വകലാശാലയിൽ പരിഗണിച്ച് നൽകിയിട്ടുള്ളത്. ഇതിൻപ്രകാരം, ടി വകുപ്പുകളിലെ മുൻകാല സേവനകാലയളവ്, പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിനാവശ്യമായ പെൻഷൻ കോൺട്രിബ്യൂഷൻ തുക ടി ജീവനക്കാർ സർവ്വകലാശാല ഫണ്ടിലേക്ക് അടക്കുകയും ചെയ്തിട്ടുണ്ട്. സ്വയംഭരണസ്ഥാപനം എന്ന നിലയിൽ, KSEB, KSFE,

TRIDA തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻകാല സേവനം, ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന്, വ്യവസ്ഥാപിതമായ രീതിയിൽ സർവ്വകലാശാല നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ മാനിക്കണമെന്നും, ഇതു സംബന്ധിച്ച തടസ്സവാദങ്ങൾ ഒഴിവാക്കണമെന്നും കാണിച്ച് KSAD ജോയിന്റ് ഡയറക്ടർക്ക് സൂചന (6) പ്രകാരം കത്ത് നൽകിയിരുന്നു. ടി വിഷയത്തിൽ സർവ്വകലാശാലക്കുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച്, KSEB, KSFE, TRIDA തുടങ്ങിയ വകുപ്പുകളിലെ മുൻകാല സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിങ് സർവ്വീസ് ആയി ഇതിനോടകം സർവ്വകലാശാലയിൽ പരിഗണിച്ച് നൽകിയിട്ടുള്ള ജീവനക്കാർക്ക്, പ്രസ്തുത മുൻകാല സേവനകാലയളവ് കൂടി കണക്കിലെടുത്ത്, പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ശുപാർശ നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

എന്നാൽ, KSEB, KSFE, TRIDA തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ മുൻകാല സേവനം പെൻഷന് അർഹതയുള്ള യോഗ്യ സേവന കാലമായി ഏതാനും ജീവനക്കാർക്ക് പരിഗണിച്ച് നൽകിയത് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കേണ്ടത് സർവ്വകലാശാല സിൻഡിക്കേറ്റ് ആണെന്നും, പ്രസ്തുത വിഷയത്തിന്മേലുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന് അനുസൃതമായി വിരമിച്ച ജീവനക്കാരുടെ ടി സ്ഥാപനങ്ങളിലെ മുൻകാല സേവനം കണക്കിലെടുക്കുന്നതായിരിക്കുമെന്നും KSAD-യിൽ നിന്നും സൂചന (7) പ്രകാരം അറിയിച്ചിരുന്നു.

30.01.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം സൂചന (1) പ്രകാരം മേൽ പരാമർശിച്ച വിഷയം പരിഗണിക്കുകയും, KSEB, KSFE, TRIDA തുടങ്ങിയ സ്ഥാപനങ്ങളിലെ മുൻകാല സേവനകാലയളവ്, പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിനാവശ്യമായ പെൻഷൻ കോൺട്രിബ്യൂഷൻ തുക സർവ്വകലാശാല ഫണ്ടിലേക്ക് അടച്ചിട്ടുള്ള ജീവനക്കാരുടെ മുൻകാലസേവനം പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള ക്വാളിഫൈയിംഗ് സർവ്വീസ് ആയി പരിഗണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

പകർപ്പ്

1. വൈസ് ചാൻസിലർ, പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജോയിൻറ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം)
4. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
5. എസി.സി. I/II
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ /സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / റെക്കോർഡ്സ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 65208/AD A1-1/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 17-Feb-2021 04:45 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം